**Mr. P. C. Varkey.**—I second it.

**Mr. President.**—The question is that leave be granted to introduce the Cochin State Insurance Bill.

*Question put and carried.*

## Resolutions (Contd.)

## 36. Revision of the Rules Governing Travelling and Daily Allowances (Contd.)

മിസ്റ്റർ വി. കെ. കട്ടി.— സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. വലിയവലിയ ഉദ്യോഗസ്ഥന്മാർക്ക യാത്രചെയ്യേണ്ട അവസരങ്ങളിൽ അവരുടെ ബിൽ അനുസരിച്ച് മൈലേജ് തോറും ക്ലാസ്സ് വെക്കാതേയും മറും ധാരാളം അലവൻസ് അനുവദിച്ചു കൊടുക്കുക പതിവാണ്. അതേസമയം അവരുടെകൂടെ യാത്രചെയ്യേണ്ടിവരുന്ന സാധുക്കളായ ഉദ്യോഗസ്ഥന്മാക്ക് അത്തരത്തിലുള്ള സൌജന്യങ്ങളൊന്നും അനുവദിക്കുന്നുമില്ല. അതിന്റെ ഫലമായിട്ടാണ് ഇങ്ങിനെ ഒരു പ്രമേയം ഇവിടെ കൊണ്ടുവരേണ്ട ആവശ്യമുണ്ടായതു്. ഈ വിഷയത്തെക്കുറിച്ചു ഗവമ്മെണ്ടുദ്യോഗസ്ഥന്മാക്ക ശരിയായ അനുഭാവമുള്ളതുകൊണ്ട് ഒരു പ്രസംഗത്തിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പത്തും പന്ത്രണ്ടും രൂപ ശമ്പളമുള്ള ചെറിയ ഉദ്യോഗസ്ഥന്മാർ എത്രദൂരം യാത്രചെയ്താലും ന്യായമായി അവരുടെ ചിലവിനനുസരിച്ച് ഒരുതുക കൊടുക്കുന്നില്ലെന്നാക്ഷേപം തുടങ്ങീട്ട വളരെക്കാലമായി. സാധുക്കളുടെ സങ്കടം വലിയവരുടെ ചെവിയിൽ എത്തുന്നതുതന്നെ വളരെ താമസിച്ചാണ്. ഒരു കാര്യം ഗവമ്മെണ്ടു പ്രത്യേകം ആലോചിക്കണം. ഇങ്ങിനെയുള്ള നിസ്സാരകാര്യങ്ങളിൽനിന്നാണു നാട്ടിൽ വലിയ പരിവർത്തനങ്ങൾ ഉണ്ടാകുന്നതു്. അങ്ങിനെ ഉണ്ടാകാതെ ഇരിക്കാൻ ഗവമ്മെണ്ടു സൂക്ഷിക്കണം. ഉദ്ദേശിക്കാത്ത നിലയിലുള്ള പരിവർത്തനങ്ങൾ നാട്ടിൽ ഉണ്ടാകുന്നതിനെപ്പറ്റിയും മറും ഗവമ്മെണ്ടു ചിന്തിക്കാതിരിക്കുന്നതു വലിയ കഷ്ടമാണു്. ഈ വിഷയത്തെക്കുറിച്ചു ഗവമ്മെണ്ടിന് ഒരു വാദപ്രതിവാദം വേണ്ടിവരുമെന്നെനിക്കു തോന്നുന്നില്ല. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു.

*(At this stage the Deputy President, M. R. Ry., A. Sankara Menon Avl., B. A., B. L., occupied the Chair)*

മിസ്റ്റർ കെ. എസ്സ്. പണിക്കർ — സർ, ഞാൻ മലയാളത്തിൽ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിന്നു് മലയാളത്തിൽതന്നെ മറുപടി പറയണം.

മിസ്റ്റർ പി. വി. സുബ്രഹ്മണ്യർ.— മലയാളത്തിൽതന്നെ വേണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുണ്ടെങ്കിൽ അതിനു വിരോധമില്ല. ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളത് എന്താവശ്യത്തിനാണെന്നതന്നെ എനിക്കു മനസ്സിലാകുന്നില്ല. ഒന്നാമതായി ഈ പ്രമേയത്തിൽ താഴ്ന്ന ശമ്പളക്കാരായ ഗവമ്മെണ്ടുദ്യോഗസ്ഥന്മാർ എന്നുപറയുന്നു. എന്നാൽ അതിൽ പലതരത്തിലുള്ള ഉദ്യോഗസ്ഥന്മാരുണ്ട്. ഈ ബത്ത കണക്കാക്കുന്നതിൽ പലവിധം ഗ്രേഡുകളും ഉണ്ട്. താഴ്ന്ന ശമ്പളക്കാർ എന്നുപറഞ്ഞാൽ നാലഞ്ചുഗ്രേഡുകളുംഉണ്ട്. അതിൽ ഏതിനെ അടിസ്ഥാനമാക്കിയാണ് ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതെന്നറിയാൻ കഴിയാത്തതിനാൽ മറുപടി പറയാൻ പ്രയാസമാണ്. എങ്കിലും അതിൽ ഏറ്റവും താഴ്ന്നശമ്പളക്കാരുടെ ആണെന്നു വിചാരിച്ചു മറുപടി പറയാം. മീനിയൽ സ്വീൻറ്സ് ആണ് ഏറ്റവും കുറഞ്ഞ ശമ്പളം വാങ്ങുന്നവർ. അവർക്കു യാത്രചെയ്യേണ്ടിവരുമ്പോൾ ഒരുദിവസം 4ണ ഡെയിലി അലവൻസു കൊടുക്കുന്നു. തീവണ്ടിയിൽ യാത്രചെയ്യേണ്ടിവരുമ്പോൾ യഥാർത്ഥത്തിൽ വരുന്ന തീവണ്ടിക്രൂലിയും, അതുപോലെ വള്ളത്തിലോ ബസ്സുമാർഗ്ഗമോ നടന്നുപോകുകയാണെങ്കിലോ അതിനു വേണ്ടചിലവും കൊടുക്കുന്നുണ്ട്. അതിനുംപുറമെയാണ് ഈ 4ണ. ഇതിനു മേലുള്ള, 15മുതൽ 50രൂപാവരെ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർക്ക് തീവണ്ടിക്രൂലി മൂന്നാംക്ലസ്സിൽ ഒന്നര ചാർജ്ജും 8ണ ബത്തയും കൊടുക്കുന്നു. ഇതിനും പുറമേ 20 മൈലിൽ കൂടുതൽ യാത്രചെയ്യുകയാണെങ്കിൽ മൈൽ ഒന്നിനു രണ്ടണവീതവും കൊടുക്കുന്നുണ്ട്. പക്ഷെ 19മൈൽ പോയാൽ ഈ 8ണ മാത്രമേ കൊടുക്കുകയുള്ളൂ. ശിപായിമാർക്കാണെങ്കിൽ ബസ്സുക്രൂലിയും 4ണ പുറമേയും കൊടുക്കുന്നു. ഇതിൽ കൂടുതൽ താഴ്ന്ന ശമ്പളക്കാരായ കീഴുദ്യോഗസ്ഥന്മാരെ സഹായിക്കേണ്ടതെങ്ങിനെയാണെന്ന് അറിയുന്നില്ല.

മിസ്റ്റർ കെ. എസ് പണിക്കർ.— 4ണ എന്നു പറഞ്ഞുവല്ലോ. രണ്ടുകൊല്ലത്തിനു മുമ്പ് എന്തായിരുന്നു?

മിസ്റ്റർ പി. വി. സുബ്രഹ്മണ്യയ്യർ.— 6അണ ബത്തയും റെയിൽ ചിലവും കൊടുത്തിരുന്നു.

മിസ്റ്റർ കെ. എസ്. പണിക്കർ.— ഇപ്പോൾ രണ്ടണ കുറവുചെയ്യാനുള്ള കാരണമെന്താണ്?

മിസ്റ്റർ പി. വി. സുബ്രഹ്മണ്യയ്യർ.— അന്ന് ഒരു ഊണിന് 6ണ കൊടുക്കേണ്ടിയിരുന്നു. ഇന്ന് 4ണയ്ക്ക് 3 ഊണു കിട്ടും. അന്നത്തെ ആറണയും ഇന്നത്തെ 4ണയും കൂടി നോക്കിയാൽ കാലസ്ഥിതികൊണ്ട് ഇന്നത്തെ നാലണയാണു ലാഭമായിട്ടുള്ളത്. പിന്നെ ശിപായിമാർ വലിയ ഉദ്യോഗസ്ഥന്മാരുടെകൂടെ പോകുന്നതുകൊണ്ട് അവർക്ക് ഇതും ചിലവാകുന്നില്ല. അങ്ങിനെ നോക്കിയാൽ ചിലപ്പോൾ യജമാനന്മാർക്കു കിട്ടുന്നതിനേക്കാൾ കൂടുതലാണു ശിപായിമാർക്കു കിട്ടുന്നതെന്നു മനസ്സിലാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. നായർ.— ഈ ക്ഷാമകാലത്തു് അധികം കൊടുത്തു് എന്തിനു നഷ്ടപ്പെടുന്നു? അധികമാണെന്നു തോന്നുന്നുണ്ടെങ്കിൽ ഈ നാലാണതന്നെ കൊടുക്കണമെന്നില്ല.

മിസ്റ്റർ പി. വി. സുബ്രഹ്മണ്യയ്യർ.— സാധുക്കളായ താഴ്ന്ന ശമ്പളക്കാർക്കു ട്രാവലിംഗ് അലവൻസു കൊടുക്കുന്ന കാര്യത്തിൽ യാതൊരാലോചനയും വലിയ ഉദ്യോഗസ്ഥന്മാർക്കില്ലെന്നാണു മുസ്ലീം മെമ്പർ പറഞ്ഞതു്. എന്റെ കണക്കുകൊണ്ടു് അതു ശരിയല്ലെന്നു ബോദ്ധ്യമാക്കീട്ടുണ്ടല്ലൊ. അവർക്കു കൊടുക്കുന്ന ബത്ത കൂറവാണെന്നു് ഇതുവരെ ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ഡിസ്ട്രിക്റ്റ് കോടതി ശിപായികളുടെ സങ്കടം വന്നിട്ടുണ്ടോ?

മിസ്റ്റർ പി. വി. സുബ്രഹ്മണ്യയ്യർ.— അവരുടെ സങ്കടം വരുന്നതു അവരുടെ മേലുദ്യോഗസ്ഥന്മാർ വഴിയാണു്. അങ്ങിനെ ഇതുവരെ വന്നിട്ടില്ല. എന്നാൽ മുൻസിഫു കോടതി ശിപായിമാരുടെ കാര്യമാണെങ്കിൽ അവർക്കു് ആക്ഷേപം വരത്തക്കവണ്ണം ഇടയ്ക്കു് അവരുടെ അലവൻസിൽ കുറച്ചു കുറവുവന്നിട്ടുണ്ടു്. ചീഫ് കോടതിയിലെ ഉത്തരവു മൂലമാണു് ഇതിനിടയായതു്. അവർക്കു കൊടുക്കുന്ന ബത്ത തുലോം അധികമാണെന്നു തോന്നിയതുകൊണ്ടാണു കൊടുക്കാതിരുന്നതു്. ഈ ആക്ഷേപംകൊണ്ടു ഞാൻ മനസ്സിലാക്കുന്നതു ബത്തകൊണ്ടു ചിലവിനു ശരിയായി മതിയാകുന്നില്ലെന്നാണു്. അതു് അന്വേഷിച്ചു ശരിയായ വിവരം അറിഞ്ഞതിനു ശേഷമേ എന്തെങ്കിലും ചെയ്യാൻ നിവൃത്തിയുള്ളൂ.

മിസ്റ്റർ എ. ഈച്ചരമേനോൻ.— മുൻസിഫുകോടതി ശിപായിമാരുടെ ബത്ത കുറച്ചതു് എന്തുകൊണ്ടാണെന്നു ചീഫ് കോടതിയോടു ചോദിച്ചിട്ടുണ്ടോ?

മിസ്റ്റർ എ. ആർ. മേനോൻ.— ചീഫുകോടതിയിലെ ജഡ്ജിയുടെ ശമ്പളം കുട്ടിയോ?

മിസ്റ്റർ കെ. അയ്യപ്പൻ.— വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽനിന്നു കുറവുചെയ്തു് ഇവർക്കു ബത്തകൂട്ടി കൊടുക്കരുതോ?

* **Dr. A. R. Menon.**—Sir, we have been listening to some novel arguments this forenoon and the first attempt on the part of the Finance Member in expressing his views in our language is already entertaining and I hope and trust that he will entertain us similarly on future occasions.

He has found out that the Government is reducing travelling allowance according to the price of rice. I have not heard

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

of it till now. Now, Sir, I am asking why not regulate it according to the size and the capacity of a person to consume the quantity of rice. He was calculating that they will be making a fair sum if they don't travel by bus and if they swim across the back-water then, along with the daily allowance of 4 annas, it would come to a good sum.

The salaried officers were very anxious to restore their cut in their salaries. People who were drawing 600 and 800 and doing very little work were very anxious to restore their cut and enjoy themselves without coming to this Council. Where were your sense of economy then? Where was the idea of effecting economy on the part of the Hon'ble Judges of the most Hon'ble Chief Court then? I feel a sense of degradation creeping over me when people occupying such high positions advise the Government to reduce the pittance of their peons. Is there not a sense of shame? What else was it? When they address the Government for making such economies they should have also thought that they were getting more pay than they deserve. I cannot believe that such a communication was addressed to the Government by the Hon'ble Judges of the most Hon'ble Chief Court. Sir, even if you do not give it, I shall be very glad if you do not make public this sort of communications sent out from the Chief Court. Sir, the State is not in so bankrupt a state that you are not able to give sufficient allowance for these poor peons so that they may get one square meal a day. It is the duty of the employer to see that his servants are getting a square meal a day. This four annas is absolutely insufficient. I pray that the Police Commissioner who expects his constables to jump 5 or 6 feet high jump and to run one mile race in a few minutes will see that his people are fed well and given sufficient allowance.

**Mr. P. V. Subramania Ayyar.**—They are paid from 8 annas to one rupee.

**Dr. A. R. Menon.**—Who?

**Mr. P. V. Subramania Ayyar.**—The constables.

**Dr. A. R. Menon.**—Now, Sir, we would rather see that the old rate of 6 annas is restored whatever be the price of paddy and whatever the capacity of a man be to consume rice. Whatever may be the additional expenditure that may have to be incurred I think no Hon'ble Member of this House will raise a voice of protest. For the time being you may have the control. But I do not know whether it is legal or illegal. You need not be,

LIBRARY ARCHIVES Kerala Legislative Assembly

under the impression that only you have the right to dictate as to how public funds are to be spent. We have as much right from a moral point of view though not from a legal point of view. I do not think you have any intention of showing this surplus for asking for an increment in your pay. I wholeheartedly support this resolution and I would request the Government to raise their daily allowance from 4 annas to 6 annas.

*The House rose for lunch at 1-5 p. m. and re-assembled at 2-15 p. m. with the Deputy President in the Chair.*

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— സർ, ഞാൻ കൊച്ചിഗവ മ്മെണ്ടിനെ സേവിച്ചു പ്രയത്നംചെയ്തു് അരപട്ടിണിയായിട്ട ജീവിക്കുന്ന പട്ടിണിപട്ടാളത്തിന്റെ കാര്യത്തെപ്പറ്റി, അവക്കു രണ്ടുകൊല്ലത്തിനമു മുണ്ടായിരുന്ന അനുകൂല്യം കരുണയേറിയ ഗവമ്മെൻറു എടുത്തുകള ഞ്ഞതിനെപ്പറ്റി, ഒരു പ്രമേയം ഇവിടെ അവതരിപ്പിച്ചപ്പോൾ വളരെ അനുകമ്പാർഹമായ ഒരു മറുപടി ഗവമ്മെൻറുഭാഗത്തുനിന്നു കിട്ടിയ തിൽ എനിക്കു വളരെ സന്തോഷമാണു തോന്നുന്നതു്. ഈ കൊച്ചീ രാജ്യത്തെ ഉല്പന്നങ്ങളുടെ വിലയെല്ലാം വളരെ ഇടിഞ്ഞ ഈ കാലത്തു്, ഉല്പന്നങ്ങളുടെ വിലവർദ്ധിച്ചിരുന്ന കാലത്തു വലിയ ഉദ്യോഗസ്ഥന്മാ ർക്കു കൊടുത്തിരുന്ന ആ ക്ഷുതൽ ശമ്പളം ഇപ്പോഴത്തെ കാലസ്ഥിതി നോക്കി താരതമ്യേന കുറക്കണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടപ്പോൾ അ വർ ഞങ്ങളുടെ നേരെ കണ്ണുരുട്ടിപ്പിച്ചു ഭയപ്പെടുത്തുന്നു. കൃഷിക്കാരി ൽനിന്നു ഗവമ്മെൻറു മേലാൽ ഉറുപ്പികയായി നികുതി പിരിക്കരുതു്, അതിനു പകരം നാളികേരമായും നെല്ലായും അടക്കയായും മറ്റു ഉല്പ നങ്ങളായും പിരിക്കണം, സക്കാരുദ്യോഗസ്ഥന്മാർക്കും അതുതന്നെ കൊടുക്കണമെന്നു ഞങ്ങൾ പ്രമേയം വഴി ഗവമ്മെണ്ടിനെ അറിയിച്ചി ട്ടുണ്ടു്. മജിസ്ട്രേട്ടിന്റേയും തഹശീൽദാരുടേയും ഉദ്യോഗം ഒരാൾത നൊ നോക്കിയിരുന്നകാലത്തു കൊടുത്തിരുന്ന ശമ്പളത്തിലധികം ഇ ന്നു് അതുഭരിക്കുന്നതിനു വെവ്വേറെ രണ്ടുദ്യോഗസ്ഥന്മാരെ ഏല്പിച്ചിട്ടും കൊടുത്തുവരുന്നുണ്ടു്. നമ്മുടെ ഗവമ്മെൻറുദ്യോഗസ്ഥന്മാരെ എണ്ണ ത്തിൽമാത്രമല്ല വണ്ണത്തിലും വർദ്ധിപ്പിക്കുന്നുണ്ടു്. എത്രതന്നെ ശമ്പളം കൂട്ടിക്കൊടുത്താലും പോര, പോര എന്നുള്ള മുറവിളിയല്ലാതെ ഗവ മ്മെൻറുദ്യോഗസ്ഥന്മാരിൽനിന്നും കേൾക്കുവാൻ സാധിക്കുന്നതല്ല. ശ മ്പളം പോര, ബത്ത പോര. ഞങ്ങൾക്കു ഇപ്പോൾ കിട്ടിവരുന്ന ഡെ യിലി അലവൻസു പോര, വേറെവിധത്തിൽ വല്ലതുമുണ്ടെങ്കിൽ അ തും പോര ഇങ്ങിനെ ഏതെല്ലാംതരത്തിൽ ന്യായങ്ങൾ പറഞ്ഞു ബ ത്തകൾ വാങ്ങുവാൻ തരമുണ്ടോ ആ വിധത്തിലെല്ലാം ബത്തകൾ ഏഴു തി എടുക്കുവാനും മറുമുള്ള പരിശ്രമങ്ങളാണു് വലിയശമ്പളം വാങ്ങു ന്ന ഉദ്യോഗസ്ഥന്മാരിൽ കാണുന്നതു്. അവരുടെ കീഴിൽ നിസ്സാരമാ യ ജോലിചെയ്യുവരുന്ന, ഒരുമാസത്തെ ചിലവിനു ദിവസത്തിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെ മുഷ്ടാനത്തിനുപോലും പോരാത്ത നിസ്സാരശമ്പളം പ്രതിമാസം പററിവരുന്ന ശിപായിമാർ, കാൺസ്റ്റേബിൾമാർ മുതലായ പട്ടിണിപരിഷ്കൾ ദിനം പ്രതി അനുഭവിക്കുന്ന കഷ്ടപ്പാടുകളെപ്പററി വകുപ്പദ്ധ്യക്ഷന്മാർ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ എന്നാണറിയേണ്ടത്. ഈ സാധുക്കളുടെ പട്ടിണിയും പാടും നിത്യവും അവർ കാണുന്നുണ്ട്. എന്നിട്ടും അവരുടെ നേരെ അശേഷം ദയവു തോന്നുന്നുണ്ടോ? ഗവമ്മെണ്ടിനും ഏദയമില്ലാതെ പോയല്ലൊ എന്നോർത്തു ഞാൻ അത്യന്തം വ്യസനിക്കുന്നു.

ആറണ ഒരു ഉണിനു ചിലവുണ്ടായിരുന്നപ്പോഴാണ് അലവൻസ് ആറണ കൊടുത്തിരുന്നതു്. ഇപ്പോൾ ഒരു ഉണിനു മൂന്നണയെയുള്ളൂ, എന്നിട്ടും ഗവമ്മെണ്ടു ദയവായി ഇപ്പോൾ നാലണവീതം കൊടുത്തുവരുന്നുണ്ട് എന്നു് ഫിനാൻസ് മെമ്പർ പറഞ്ഞതു കേട്ട ഞാൻ അത്ഭുതപ്പെട്ടുന്നു. എന്നാൽ അങ്ങിനെയാണെങ്കിൽ 4ണക്കു 4 ഉണകിട്ടുന്ന സ്ഥലവുമുണ്ടെന്നു ഞാൻ ഫിനാൻസു മെമ്പറോടു പറഞ്ഞുകൊള്ളുന്നു. ഈ മൂന്നണയുടെ ഉണിൽ പരിചയിച്ച ഫിനാൻസുമെമ്പർക്കു് അതിന്റെ തോതനുസരിച്ചുള്ള അലവൻസുകൊടുത്താൽ മതിയെന്നാണല്ലൊ ഈ ജല്പനയുടെ അർത്ഥം. ഇങ്ങിനെ രണ്ടുകൊല്ലത്തിനുമുമ്പ് ആറണ അലവൻസും ബത്തയും കൊടുത്തിരുന്നു; ഇപ്പോൾ ആ ഉദ്യോഗസ്ഥന്മാർക്കു — സാധുശമ്പളക്കാർക്കു — നാലണ കൊടുക്കുന്നതുതന്നെ കൂടുതലാണെന്നാണു ഗവമ്മെൻറു പറഞ്ഞതു്. ഉണിനു വിലകറഞ്ഞതുകൊണ്ടാണു് അവരുടെ ബത്ത കുറച്ചതെന്നു ഗവമ്മെൻറു പറഞ്ഞ മറുപടിയിൽനിന്നും മനസ്സിലായി. അവരുടെ അലവൻസും മറും ആദ്യമുണ്ടായിരുന്നതുപോലെ ആക്കിക്കൊടുക്കണമെന്നുള്ള പ്രമേയം വന്നപ്പോൾ അതിന്റെ ഉദ്ദേശംതന്നെ ഗവമ്മെണ്ടിനു മനസ്സിലായില്ല. ഞാൻ പറയുന്നതു് 15കയിൽ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യമാണു്. 15കയിൽ കൂടുതലുള്ളവർ സുപ്പീരിയർ ഉദ്യോഗസ്ഥന്മാരാണു്. ഹജൂരിലെ ശിപായിക്കു് 20 രൂപാവരെ ശമ്പളമുണ്ടു്. അവർ ഇതിൽ പെടുന്നവരല്ല. പോലീസുകാരുടെ കാര്യംപറയാം. അവരിൽ 12, 14, 16 ഇങ്ങിനെ മൂന്നിനം കാൺസ്റ്റബിൾമാരാണു്. 16 രൂപ വാങ്ങുന്ന ഒരു കാൺസ്റ്റബിളിനു് 8ണ ബത്തയാണു്. 12-ം 14-ം വാങ്ങുന്ന ആളുകൾക്കു 4അണയാണു കൊടുക്കുന്നതു്. എന്നാൽ ഈ 16 രൂപ വാങ്ങുവാൻ ഇടവരുന്നതു കൂടുതൽ സർവ്വീസു നോക്കീട്ടല്ല, സേവയും ശുപാർശയും മാത്രമാണു് ഈ കയററത്തിനുള്ള ഏക മാർഗ്ഗം. പക്ഷേ ഇന്നലെ ചേർന്നവനും ഒന്നാംഗ്രേഡ് കൺസ്റ്റബിളാകാമെന്നുള്ളതുകൊണ്ടു് അതിലും സേവയ്ക്കും ശുപാർശക്കും വഴിയില്ലാത്തവർക്കു യാതൊരു രക്ഷയുമില്ല. ഞാൻ അവരുടെ ടാവലിംഗ് അലവൻസിനെപ്പററി പറയുന്നില്ല. അവർക്കു ഡെയിലി അലവൻസു് ആറണ വീതം കൊടുത്തിരുന്നു. അതുപ്രകാരംതന്നെ അവർക്കു് അതു കൊടുക്കണമെ

LIBRARY ARCHIVES Kerala Legislative Assembly

ന്നാണു ഞാൻ പറയുന്നതു്. ഇതിൽ ഗവമ്മെൻറിനു വിരോധമുണ്ടാകുമെന്നു തോന്നുന്നില്ല.

പിന്നെ മുൻസിഫുകോടതിയിലെ ശിപായിമാക്കു് C. S. R-ൽ ഉള്ളപ്രകാരം മൈലേജിനു ഒരണ T. A. കൊടുത്തുവരുന്നില്ല. അവക്കു കൊടുത്തുവരുന്നതു് പത്തുമൈലിൽ കൂടുതൽ പോയിക്കഴിഞ്ഞാൽ 4ണയാണു്. ഈ നാലണ കൊടുക്കാതിരുന്നിട്ടു് എത്ര പട്ടിണികളാണു് അവർ കിടക്കുന്നതു്. ഇതൊക്കെ കളഞ്ഞിട്ടു ദയവുചെയ്തു് രണ്ടു കൊല്ലത്തിനു മുമ്പു് അവക്കു കൊടുത്തിരുന്നതുപോലെയുള്ള ബത്തയും അലവൻസും കൊടുത്തു് അവരുടെ ഈ കഠിന കഷ്ടതക്കു് ഒരു പരിഹാരമുണ്ടാക്കിക്കണ്ടാൽ ഞാൻ കൃതാർത്ഥനായി. ഇതു മാത്രമെ എനിക്കു ഗവമ്മെൻറിനോടു പറയുവാനുള്ളൂ. താഴ്ന്ന ശമ്പളക്കാരുടെ കാര്യം മാത്രമാണു് ഞാൻ പറയുന്നതു്. ഇന്നത്തെ ഭിക്ഷക്കാരൻ നാളത്തെ കുബേരനായും ഇന്നത്തെ കുബേരൻ നാളത്തെ ഭിക്ഷക്കാരനായും പരിണമിക്കുന്നതു നമ്മൾ ദിനംപ്രതി കണ്ടുവരുന്നതാണു്. മുൻസിഫുകോർട്ടു ശിപായിമാർ പ്രൊസ്സസ്സു് കല്പന കിട്ടുവാനായിട്ടു നെഞ്ചത്തടിച്ചു നിലവിളിക്കുന്നു എന്നു ഗവമ്മെൻറു പറഞ്ഞു. ഇവിടത്തെ ഒരു വലിയ ഉദ്യോഗസ്ഥനു് ഒരു ശിപായി വാറണ്ടു കല്പനയുംകൊണ്ടു ചെന്നപ്പോൾ ആ ശിപായി വാറണ്ടു പിടിക്കാതെ മടങ്ങി പോരുന്നതുകണ്ടു് ആ ദേഹത്തിൻെറ ശിപായിയുടെ ഉപദേശപ്രകാരം കോർട്ടുശിപായിക്കു് 1ക കൊടുത്തുവത്രെ. ഉർലഭമായി അങ്ങിനെ ഒരു സംഖ്യ ആ ശിപായിക്കു കൊടുത്ത ആ ഉദ്യോഗസ്ഥൻ എല്ലാശിപായിമാക്കും എല്ലാവരും ഇതുപോലെ പണം കൊടുക്കണ്ടെന്നു ധരിക്കുന്നതു് അബദ്ധമാണു്. ഇങ്ങിനെ ഈ ശിപായിമാക്കു പണം ധാരാളം കിട്ടുന്നുണ്ടെന്നു തെറ്റിധരിച്ചു് കിഴക്കടെ അവക്കു കിട്ടിവന്നിരുന്ന നിസ്സാരമായ ആ ബത്തക്കൂടി കൊടുക്കുവാൻ പാടില്ലെന്നാണോ പറയുന്നതു്? അതു ഈ കൌൺസിലിൽ ഇപ്പോൾ ഹാജരുള്ള ഒരു ഉദ്യോഗസ്ഥ മെമ്പറാണെന്നോ മറ്റൊ ഞാൻ പറയുന്നില്ല. (ചിരി) പാവങ്ങളുടെ വയറ്റത്തടിച്ചുണ്ടാക്കാൻ വിചാരിക്കുന്ന ആ സമ്പാദ്യം നമ്മുടെ രാജ്യത്തിനു് ഒരു ശാപമായിതീരും. ഏതായാലും ഗവമ്മെൻറു കുറച്ചു കടംവാങ്ങിച്ചിട്ടുണ്ടല്ലോ. കപ്പൽവച്ചുവന്നകടം കാവുകെട്ടി തീർക്കാൻ ഗവമ്മെണ്ടു വിചാരിക്കരുതു്. ഈരണ്ടണവീതം അവക്കു കൂട്ടിക്കൊടുക്കുവാൻ പണമില്ലെങ്കിൽ കുറച്ചുകൂടി കടമെടുത്തെങ്കിലും അവക്കു് അതു കൊടുക്കണമെന്നു് ഒരപേക്ഷമാത്രമാണു ഞാൻ ചെയ്യുന്നതു്. ഇതിനു ഗവമ്മെൻറു വിരോധം പറയുകയില്ല എന്നു വിശ്വസിക്കുന്നു." എൻെറ സ്നേഹിതന്മാരും ഇതിനു് അനുകൂലമായിട്ടാണു പറയുന്നതു്. ഇതു് ഗവമ്മെൻറു ഗസറ്റിൽ അക്സപ്റ്റു ചെയ്തു എന്നു് ഒന്നു പ്രസിദ്ധപ്പെടുത്തിക്കണ്ടാൽ കൃതകൃത്യനായി.

LIBRARY ARCHIVES Kerala Legislative Assembly

**Mr. T. S. Narayana Ayyar.**—Sir, I am anxious that the position of Government should be correctly understood. It should not be understood that Government are lacking in sympathy with a resolution of this character. Now that the claims contained in this resolution have been moderated to relief in respect of daily allowances alone, I may state that Government will be prepared to consider whether it is not possible to do anything in this direction. The question of revision of travelling allowances was considered by Government once or twice before. What was then in contemplation was a comprehensive scheme of revision of the general rates of travelling allowance. The idea was dropped on the advice of the Comptroller of Accounts in view of the then condition of the finances of the State, and the question was left over for consideration till the financial condition improved. Now that the scope of this resolution has been very much narrowed, Government will be prepared to consider if anything is possible to be done in this direction.

*Resolution was, by leave, withdrawn.*

## 37. Conversion of local Panchayats into Rural Municipalities.

**Mr. K. Ayyappan.**— "*This Council recommends to the Government to convert the local Panchayats into Rural Municipalities in the thickly populated coastal regions of the State.*"

സർ, ഈ പ്രമേയത്തിന്റെ ആവശ്യകതയെപ്പറ്റി ഞാൻ ഇതിനുമുമ്പു് പല അവസരങ്ങളിലും ഇവിടെ പ്രതിവാദിച്ചിട്ടുണ്ടു്. ജനങ്ങളം അധികം തിങ്ങിപാർക്കുന്ന കായലോരപ്രദേശങ്ങളിൽ ശുദ്ധജലം കിട്ടുന്നതിനും സാനിട്ടേഷൻ ശരിയായി ഉണ്ടായിരിക്കുന്നതിനും സൌകര്യം വരണമെന്നുണ്ടെങ്കിൽ മുനിസിപ്പൽ ഏർപ്പാടു് അവിടെ വരണം. ഒരു സംഗതി ഇതോടുകൂടി പറഞ്ഞുകൊള്ളുന്നു. ഇതിന്റെ മുഴുവൻ ഇമ്പ്ലിക്കേഷനും മനസ്സിലാകാതെയല്ല ഞാൻ പറയുന്നതു്. ഇതിനു കരം കൊടുക്കേണ്ടിവന്നാൽ ജനങ്ങൾ അതിനു തയ്യാറാകണം. മുനിസിപ്പൽ സമ്പ്രദായം ഏർപ്പെടുത്തുന്നതിനുവേണ്ടി വന്നുകഴിഞ്ഞാൽ സപ്ലൈ നികുതി കൊടുക്കുവാൻ ജനങ്ങൾ തയ്യാറുള്ള സ്ഥലങ്ങളിൽമാത്രം ഇതു നടപ്പാക്കിയാൽ മതി. ഗ്രാമീണ മുനിസിപ്പാലിറ്റികൾ വന്നാൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഗ്രാമീണപ്രദേശങ്ങൾക്കു് ഒരനുഗ്രഹമായിരിക്കും. കരംകൊടുക്കുകയെന്നു പറഞ്ഞാൽ ചിലർക്കു വലിയ പരിഭ്രമമാണു്. അവിടെയുള്ള ജനങ്ങൾ സാനിട്ടേഷനു സൌകര്യമില്ലാത്തതുകൊണ്ടു് ആരോഗ്യത്തിലും മറ്റും വളരെ പിന്നോക്കം പോയിരിക്കുകയാണു്. ഇതിനു് അധികം പ്രസംഗമൊന്നും ആവശ്യമില്ല. ഞാൻ ഇതു് അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly